# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.463 24-01-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ.പി.ടി. തോമസ് | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**എസ്.ബി.റ്റി/എസ്.ബി.ഐ ലയനം**

| | | |
|---|---|---|
| (എ) | എസ്.ബി.റ്റി./എസ്.ബി.ഐ. ലയനം സംസ്ഥാനത്തിന്റെ വികസന താത്പര്യത്തെ എപ്രകാരം ബാധിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | 2017 ഏപ്രിൽ മാസം 1-ാം തീയതി മുതൽ പ്രാബല്യം നൽകിയാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കമുള്ള 5 പൊതുമേഖല ബാങ്കുകളെ ഭാരതീയ സ്റ്റേറ്റ് ബാങ്കിൽ ലയിപ്പിക്കുവാൻ കേന്ദ്രസർക്കാർ ഉത്തരവിറക്കിയിരുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക, വികസന മേഖലയിൽ ലയനം മൂലമുണ്ടായേക്കാവുന്ന മാറ്റങ്ങൾ വരുംദിനങ്ങളിൽ മാത്രമേ പ്രത്യക്ഷപ്പെട്ട് തുടങ്ങുകയുള്ളൂ. ആയതിനാൽ ഒരു വിലയിരുത്തലിന് സമയമായിട്ടില്ല. സംസ്ഥാന സർക്കാരിന്റെ വിവിധ വികസന-ക്ഷേമ പ്രവർത്തനങ്ങളോട് എസ്.ബി.റ്റി-യ്ക്കുണ്ടായിരുന്ന വൈകാരികമായ അടുപ്പം ലയനശേഷം വേണ്ടത്ര പ്രകടമല്ല എന്നത് യാഥാർത്ഥ്യമാണ്. |
| (ബി) | പ്രാദേശിക വികസന താല്പര്യങ്ങൾക്ക് മുൻഗണന നൽകിയിരുന്ന എസ്.ബി.ടി ദേശീയ താല്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന എസ്.ബിഐ.യായി മാറിയത് മൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന പ്രശ്നങ്ങൾ നേരിടുവാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | ബാങ്കുകളുടെ ലയനം നിമിത്തം സംസ്ഥാനത്തിന്റെ വികസന താല്പര്യങ്ങൾക്ക് ഉണ്ടാകാവുന്ന തിരിച്ചടികൾ പരിപൂർണ്ണമായും പരിഹരിക്കുവാൻ സംസ്ഥാന സർക്കാരിന് കഴിയുകയില്ല. എന്നിരുന്നാലും ഒരു പരിധിവരെ മേൽപ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിക്കാനുതകുന്ന തരത്തിൽ സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ കൂട്ടിയോജിപ്പിച്ച് ഒരു കേരള ബാങ്ക് എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനം മുന്നോട്ടു നീങ്ങുന്നുണ്ട്. |
| (സി) | മിനിമം ബാലൻസ് ഇല്ലായെന്ന പേരിൽ സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നവരുടെ അക്കൗണ്ടിൽ നിന്നുപോലും പിഴ ഈടാക്കുകയും പാവപ്പെട്ടവരുടെ താല്പര്യങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്ന എസ്.ബി.ഐ.യുടെ നടപടികൾക്കെതിരെ സർക്കാർ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ? | ഉണ്ട്. സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് സീറോ ബാലൻസ് അക്കൗണ്ടുകൾ അനുവദിച്ചുനൽകണമെന്ന് സർക്കാർ തലത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ